പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5199 05.07.2012 -ലെ മറുപടി

പാപ്പനംകോട് കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷൻ

| ചോദ്യം<br>ശ്രീ. വി. ശിവൻകുട്ടി | | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | നേമം നിയോജകമണ്ഡലത്തിലെ പാപ്പനംകോട് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനകത്തേക്ക് ബസ്സുകൾ പ്രവേശിക്കാതെ റോഡിൽത്തന്നെ യാത്രക്കാരെ ഇറക്കുന്നതിനും കയറ്റുന്നതിനുമായി നിർത്തുന്നതു കാരണം ഗതാഗത കുരുക്കുണ്ടാകുന്നതും അപകടമരണങ്ങൾ സംഭവിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | പാപ്പനംകോട് ബസ് സ്റ്റേഷനകത്ത് ബസ്സുകൾ പ്രവേശിക്കാതെ റോഡിൽ തന്നെ യാത്രക്കാരെ ഇറക്കുകയും കയറ്റുകയും ചെയ്യുന്നതു കാരണം അപകടമരണങ്ങൾ ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ തിരക്കുള്ള സമയങ്ങളിൽ കൈമനം മുതൽ പ്രാവച്ചമ്പലം വരെ ഗതാഗതക്കുരുക്ക് സ്ഥിരമായി ഉണ്ടാകാറുണ്ട്. ഇതിനൊരു പരിഹാരമെന്നനിലയ്ക്കാണ് പോലീസ് നിർദ്ദേശാനുസരണം തെക്കോട്ടു പോകുന്ന ബസ്സുകളെ ഡിപ്പോക്കകത്ത് കയറ്റിയുള്ള ക്രമീകരണം ഏർപ്പെടുത്തിയിരുന്നത്. എന്നാൽ ഇതു കാരണം ഗതാഗതക്കുരുക്ക് കുറഞ്ഞതായി കണ്ടിരുന്നില്ല. മാത്രവുമല്ല ഡിപ്പോയ്ക്കകത്തുള്ള പ്രവേശന കവാടം മതിയായ സ്ഥലവിസ്തൃതി ഇല്ലാത്തതിനാൽ യാത്രക്കാർക്ക് സമയ നഷ്ടമുണ്ടാകുന്നതായി ധാരാളം പരാതികൾ കിട്ടിയിട്ടുമുണ്ട്. 128 ബസ്സുകളും ജീവനക്കാരും പൊതുജനങ്ങളും കൂടി ആകുമ്പോൾ ഡിപ്പോയ്ക്കകത്ത് അപകട സാധ്യത വളരെ കൂടുതലുമാണ്. യാത്രക്കാർക്ക് വെയിറ്റിംഗ് ഷെഡ്ഡും ഇല്ല. ഇതെല്ലാം പരിഗണിച്ച് ഡിപ്പോയുടെ മുൻവശത്ത് ബസ്സുകൾ ഒതുക്കി നിർത്തുന്നതിലേയ്ക്കായി പരമാവധി സ്ഥലം ക്രമീകരിച്ച് കൊടുക്കുകയും ആയത് പരാതിയില്ലാതെ നടന്നുവരികയുമാണ്. നിലവിലുള്ള സംവിധാനം തുടരുന്നതാണ് ഇപ്പോഴത്തെ അവസ്ഥയിൽ ഗുണകരമെന്ന് കരുതുന്നു. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത പ്രവൃത്തി ഉടൻ നിർത്തലാക്കുന്നതിനും ബസ്സുകൾ പ്രസ്തുത ബസ്സ്റ്റേഷനിൽ പ്രവേശിച്ച് യാത്രക്കാരെ ഇറക്കുകയും കയറ്റുകയും ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ? | | |

സെക്ഷൻ ഓഫീസർ